# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ, തിരുവനന്തപുരം–9.

നമ്പർ:ഇ3/2400/2023/എബിറ്റിറ്റി/ 2371 തീയതി: 15.11.2023

## റീ ക്വട്ടേഷൻ നോട്ടീസ്

2024–ാമാണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള താഴെപ്പറയുന്ന ബിറ്റ് നോട്ടീസ് പ്രിന്റിംഗ് ജോലിക്ക് പരിചയ സമ്പന്നതയുള്ള അംഗീകൃത പ്രസ്സുകളിൽ നിന്നും മത്സര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

### ബിറ്റ് നോട്ടീസ്

| | | |
|---|---|---|
| വലിപ്പം | : | 14cm x 22cm മൾട്ടി കളർ |
| പേപ്പർ | : | 100 gsm ഫോറിൻ ആർട്ട് പേപ്പർ |
| പ്രിന്റിംഗ് | : | ഓഫ്സെറ്റ് (രണ്ടു വശം) |
| എണ്ണം | : | 10,000 (മലയാളം) |
| | : | 3000 (ഇംഗ്ലീഷ്) |
| | : | 2000 (തമിഴ്) |

## നിബന്ധനകൾ

* ക്വട്ടേഷനോടൊപ്പം പേപ്പറിന്റെയും മുമ്പ് ചെയ്തിട്ടുള്ള ബിറ്റ് നോട്ടീസ് പ്രിന്റിംഗുകളുടെയും മാതൃകകൾ കൂടി നൽകേണ്ടതാണ്.

* 500 കോപ്പികളുടെ കെട്ടുകളായി വേണം പ്രിന്റ് ചെയ്ത സാധനങ്ങൾ ട്രസ്റ്റ് ഓഫീസിൽ എത്തിക്കേണ്ടത്.

* പ്രിന്റ് ചെയ്യേണ്ട ഡിസൈൻ/ആർട്ട് വർക്ക് ട്രസ്റ്റിൽ നിന്ന് സിഡിയിൽ ലഭിക്കുന്നതാണ്.

* ജോലി പൂർത്തിയാക്കാൻ എത്ര ദിവസം വേണ്ടി വരുമെന്ന് ക്വട്ടേഷനിൽ വ്യക്തമാക്കേണ്ടതാണ്.

* നികുതികളും മറ്റെല്ലാ ചാർജ്ജുകളുമടക്കമുള്ള തുക വേണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

* പ്രിന്റ് ചെയ്യുന്നതിന് മുമ്പായി വർക്കുകളുടെ പ്രൂഫ് (ഡിജിറ്റൽ പ്രിന്റ്) ഹാജരാക്കി അംഗീകാരം വാങ്ങേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും.

* സ്വന്തമായി പ്രിന്റിംഗ് പ്രസ്സും അനുബന്ധ ഉപകരണങ്ങളും ഉള്ള പ്രിന്റേഴ്സ് മാത്രമേ ക്വട്ടേഷനുകൾ നൽകേണ്ടതുള്ളൂ.

* ക്വട്ടേഷനുകൾ കാരണം കാണിക്കാതെ തന്നെ മുഴുവനായോ ഭാഗികമായോ നിരസിക്കുവാനും ക്വട്ടേഷൻ വിവരണങ്ങളിലും നിബന്ധനകളിലും മാറ്റം വരുത്തുവാനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

ലറ്റർ പാഡിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്, ആറ്റുകാൽ, തിരുവനന്തപുരം-9 എന്ന വിലാസത്തിൽ അയയ്ക്കുകയോ, ട്രസ്റ്റ് ഓഫീസിലെ ടെണ്ടർ ബോക്സിൽ നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്. കവറിന്റെ പുറത്ത് ജോലിയുടെ ഇനം രേഖപ്പെടുത്തേണ്ടതാണ്. **20.11.2023 തിങ്കളാഴ്ച വൈകുന്നേരം 3.00 മണിക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതും **അന്നേ ദിവസം വൈകുന്നേരം 4.00 മണിക്ക്** സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി,

15/11/23

സെക്രട്ടറി

നോട്ടീസ് ബോർഡ്: 1. ക്ഷേത്രം
2. ആഫീസ്
3. വെബ് സൈറ്റ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
കൺവീനർ, പബ്ലിസിറ്റി കമ്മിറ്റി.

sr